"ഭരണഭാഷ മാതൃഭാഷ"


KSEB
കേരളത്തിന്റെ ഊർജ്ജം

150 YEARS OF CELEBRATING THE MAHATMA

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004,കേരള

ടെലഫോൺ നമ്പർ: 0471 2514554

വെബ്സൈറ്റ്: www.kseb.in ഇമെയിൽ : safety@kseb.in CIN:U40100KL2011SGC027424


## സംഗ്രഹം

കോവിഡ് സാഹചര്യത്തിൽ 2021 ലെ ദേശീയ സുരക്ഷാവാരം സുരക്ഷാദിനമായി ചുരുക്കി ആചരിക്കുന്നതും വിവിധ കർമ്മ പരിപാടികൾ സംഘടിപ്പിക്കുന്നതും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**കോർപ്പറേറ്റ് ഓഫീസ് (സേഫ്റ്റി)**

ഓഫീസ് ഓർഡർ (സി .എം .ഡി .) നം . 716/2021 (സി.എസ്.സി./ എ.ഇ 2 – 36 / 2021-22)

തിരുവനന്തപുരം , തീയതി : 18.06.2021

---

പരാമർശം : 17.06.2021 -)ം തീയതിയിലെ ചീഫ് സേഫ്റ്റി കമ്മീഷണറുടെ സി.എസ്.സി./ എ.ഇ 2 – 36 / 2021-22/ 64 നമ്പർ കുറിപ്പ്

എല്ലാവർഷവും ജൂൺ 26 മുതൽ ഒരാഴ്ചക്കാലം ദേശീയ സുരക്ഷാ വാരമായി ആചരിക്കുന്നതിന് CEA ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വഴി നിർദ്ദേശം നൽകിയിട്ടുള്ളതാണെങ്കിലും , കോവിഡ് സാഹചര്യത്തിൽ ഈ വർഷം ദേശീയ സുരക്ഷാവാരം സുരക്ഷാദിനമായി ചുരുക്കി ആചരിക്കുന്നതാണ് ഉചിതമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറും, 07.05.2021-ൽ കൂടിയ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിലെ പ്രതിനിധികളും അഭിപ്രായപ്പെട്ടതായി ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി) മുഖാന്തിരം മേൽ പരാമർശിച്ച കുറിപ്പിൽ ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചിട്ടുണ്ട്. അന്നേദിവസം താഴെ പറയുന്ന 6 ഇന കർമ്മ പരിപാടികൾ നടത്തുവാൻ സാധിക്കുന്നതാണെന്നും ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചിരുന്നു.

(1) സേഫ്റ്റിക്ക് മാത്രമായി ഒരു യൂട്യൂബ് ചാനൽ ആരംഭിച്ച് CPRO യുടെ കാര്യാലയം തയ്യാറാക്കുന്ന സുരക്ഷാ ബോധവത്കരണ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ലഘു വിഡിയോകൾ പൊതുജനങ്ങൾക്കായി പ്രചരിപ്പിക്കുക . ഇത്തരത്തിലുള്ള ആദ്യ വിഡിയോ പ്രസ്തുത യൂട്യൂബ് ചാനലിലൂടെയും, KSEBL ന്റെ മറ്റ് സമൂഹ മാധ്യമങ്ങളിലൂടെയും 2021 ജൂൺ 26-ന് പ്രകാശനം ചെയ്യുക.

(2) ബോർഡിന്റെ അനുമതിയോടെ പൊതുജനങ്ങൾക്കായി 2021 ജൂൺ 26-ന് ബഹു. വൈദ്യുതിവകുപ്പ് മന്ത്രിയുടെ സുരക്ഷാദിന വിഡിയോ സന്ദേശം വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുക.

(3) ജീവനക്കാരുടെ സുരക്ഷയുമായി ബന്ധപ്പെട്ട് 2021 ജൂൺ 26-ന് ചീഫ് സേഫ്റ്റി കമ്മീഷണറുടെ വിഡിയോ സന്ദേശം KSEBL ജീവനക്കാർക്കായുള്ള വിവിധ വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ പ്രചരിപ്പിക്കുക .

(4) 2021 ജൂൺ 26 മുതലുള്ള ഒരാഴ്ചക്കാലത്ത് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഓരോ സബ്ഡിവിഷന് കീഴിലും സേഫ്റ്റി ഓഫീസർമാരുടെ നേതൃത്വത്തിൽ, മുൻകാലത്ത് അവിടെയുണ്ടായിട്ടുള്ള അപകടങ്ങളുടെ കേസ് സ്റ്റഡിയും അവയുടെ പരിഹാര നിർദ്ദേശങ്ങളും അടങ്ങുന്ന വിഷയത്തിൽ ചർച്ച നടത്തുക.

(5) എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുമുള്ള പ്രാദേശിക TV ചാനലുകൾ വഴി സുരക്ഷാദിനത്തിൽ സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുക.

(6) KSEBL-ന്റെ ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം പേജുകൾ വഴി സുരക്ഷാദിനത്തിൽ സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുക.

ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പ്രസ്തുത വിഷയത്തിൽ ചീഫ് സേഫ്റ്റി കമ്മീഷണറുടെ അഭിപ്രായങ്ങൾ പരിഗണിച്ച് താഴെ പറയുന്നവ ഉത്തരവാകുന്നു.

(1) എല്ലാവർഷവും ജൂൺ 26 മുതൽ ഒരാഴ്ചക്കാലം ആചരിച്ചു വരുന്ന ദേശീയ സുരക്ഷാവാരം ഈവർഷം കോവിഡ് സാഹചര്യം പരിഗണിച്ച് 2021 ജൂൺ 26 ന് സുരക്ഷാദിനമായി ചുരുക്കി ആചരിക്കേണ്ടതാണ്.

(2) സുരക്ഷയ്ക്ക് മാത്രമായി ഒരു യൂട്യൂബ് ചാനൽ സേഫ്റ്റി കമ്മീഷണറുടെ / ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ ഓഫീസിൽ ആരംഭിച്ച്, അതിലൂടെ സുരക്ഷാ ബോധവത്കരണ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന വിവിധ ലഘു വിഡിയോകൾ പ്രചരിപ്പിക്കണം .

(3) സുരക്ഷാ ദിനമായി ആചരിക്കുന്ന 2021 ജൂൺ 26 -ന് മുകളിൽ പ്രതിപാദിച്ചിട്ടുള്ള 6 ഇന കർമ്മ പരിപാടികൾ 2021 ജൂൺ 26 ന് നടത്തേണ്ടതാണ് .

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
ആജ്ഞാനുസരണം

- ഒപ്പ് -

**ജയശ്രീ റ്റി. കെ**
സെക്രട്ടറി (ഭരണം)

പകർപ്പ്: എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
എല്ലാ മേഖലയിലെയും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർക്കും
ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ,
TA to ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
TA to ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ഐ.ടി.)
TA to ഡയറക്ടർ (ജനറേഷൻ ഇലക്ട്രിക്കൽ & എസ്/സി.എം )
TA to ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
TA to ഡയറക്ടർ (ജനറേഷൻ സിവിൽ)
എല്ലാ ചീഫ് സേഫ്റ്റി ഓഫീസർമാർക്കും
എല്ലാ സേഫ്റ്റി ഓഫീസർമാർക്കും
CA to സെക്രട്ടറി (ഭരണം)
ഫെയർ കോപ്പി സെക്ഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എഞ്ചിനീയർ